# Weekend Bulletin
## Knanaya Catholic Mission, Chicago

April 30, 2006, Vol. 1, Issue 31

www.knanayamission.org/chicago/bulletin.htm





*Jesus stood in their midst and said to them, "Peace be with you" (Luke 24:35-48)*

### INVITATION
### FIRST HOLY COMMUNION AND CHRISMATION
### Sunday May 7, 2006



*The Knanaya Catholic Mission - Chicago, along with the students and parents of the recipients of First Holy Communion and Chrismation invites you and your family to participate in the liturgical functions from 3:30 P.M. at St. John Brebeuf Church, 8307 N. Harlem Ave, Niles, IL 60714 and for the banquet at 6:30 P.M. at White Eagle Banquet Halls, 6845 N. Milwaukee Ave, Niles, IL 60714.*



*Easter Mass of the Mission at OLV Chicago*



*The first planning session of "Better Family Movement" by the Mission for alcohol free homes.*

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254 / (773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
Sunny Thekkeparambil
**Addison**: James Manjankal
Baby Karikkal

**SECRETARY & PRO**
George Thottappuram

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
Secretary: Anna Kulangara
**Addison**: Tonny Pullappally
Secretary: Veena Jose Kaniyaly

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**YOUNG ADULT MINISTRY**
Saju Palakunnel, Falix Chemmachel
Sona Keezhangattu

**ADULT MINISTRY**
Jose Thazhathuvettathu

**WOMEN MINISTRY**
Mercy Idiyalil, Gracy Vachachira

**SENIOR CITIZENS MINISTRY**
Joy Choottuvelil, Joy Nediyakalayil

**BETTER FAMILY MOVEMENT**
Joy Chemmachel

## SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

May 2006

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

# Schedule of Events

SATURDAY, APRIL 29, 2006
Women Ministry Seminar at Addison from 2:00 P.M.
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Holy Mass and Novena at Addison at 5:00 P.M.

SUNDAY, APRIL 30, 2006
Confession for First Communion students of Chicago and Addison at 3:00 P.M. at OLV Church, Chicago.
Religious Education Class at OLV from 4:00 P.M. to 5:00 P.M.
Holy Mass at OLV Church Upper level at 5:30 P.M.
First Holy Communion Rehearsal for students in Addison and Chicago at OLV Chicago Church.

THURSDAY, MAY 04, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

FRIDAY, MAY 05, 2006
Couples Seminar at Community Center from 6:30P.M. by Fr. Jose Poothurkayil.

SATURDAY, MAY 06, 2006
Senior Citizens' Seminar at Community Center at 10:00 A.M. by Fr. Jose Poothrukayil
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Baptism with Mass at Addison at 5:00 P.M.

SUNDAY, MAY 07, 2006
Photo Session for First Holy Communion from 2:00 P.M. to 3:30 P.M. at St. John Brebeuf Church, 8307 N. Harlem Ave, Niles, IL 60714.
Holy Mass and First Holy Communion with Confirmation at St. John Brebeuf Church, Niles at 3:30 P.M. common for both Addison and Chicago Religious Education Students.
Dinner at White Eagle Banquet Hall at 6:30 P.M. All are invited.
No service today at OLV Chicago today.

TUESDAY, MAY 09, 2006
Theology Class by Fr. Jose Poothrukayil at Community Center at 6:30 P.M. on Challenges of Catholic Church.

# MISSION DIRECTOR'S COLUMN



## വിമൻസ് മിനിസ്ട്രി

ക്നാനായ സമുദായത്തിൻെറ വളർച്ചയ്ക്കു നിർണായക പങ്കുവഹിച്ചവരാണല്ലോ നമ്മുടെ രൂപതാദ്ധ്യക്ഷന്മാരും വൈദികരും സമർപ്പിതരായ മറ്റു സന്യാസിനീ സന്യാസികളും. അവർ സമുദായാംഗങ്ങളുടെ ആത്മീയ വളർച്ചയോടൊപ്പം വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, ആതുര ശുശ്രൂഷ, സാമൂഹ്യ സേവനം തുടങ്ങിയവയ്ക്കായി അനവധി സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ആരംഭിച്ചു. ഇന്നു നമ്മുടെ സമുദായം എന്തായിരിക്കുന്നുവോ അതിനു നാം അവരോട് ഏറെ കടപ്പെട്ടിരിക്കുന്നു.

എന്നാൽ സമുദായത്തിൻെറ ആധുനിക ഘട്ടത്തിലെ വിദേശ കുടിയേറ്റത്തിനും സാമ്പത്തിക വളർച്ചയ്ക്കും നിർണ്ണായക നിമിത്തമായത് വിദ്യാ സമ്പന്നരായ ക്നാനായ വനിതകളാണ്. നേഴ്സിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ രംഗങ്ങളിൽ വളർന്നുവന്ന അവർ സമുദായത്തിൻെറ നല്ലൊരു വിഭാഗം കുടുംബങ്ങളെ സാമ്പത്തിക ഭദ്രതയ്ക്കും വിദേശ കുടിയേറ്റത്തിനും സഹായിച്ചു. അതിനാൽ നാം ഇന്ന് എന്തായിരിക്കുന്നുവോ അതിൽ നമ്മുടെ വനിതകൾക്കും നല്ലൊരു പങ്കുണ്ട്.

വനിതകൾക്കിനിയും ഈ സമൂഹത്തിൻെറ ആത്മീയവും കുടുംബപരവും സാമൂഹ്യവുമായ വികസനത്തിനു വഴിതെളിക്കുവാൻ സാധിക്കും. എന്നാൽ അതിന് അവരുടെ സംഘാത പ്രവർത്തനങ്ങളും ബോധവല്ക്കരണവും ധ്യാനങ്ങളും ആവശ്യമാണ്. ക്രിസ്തുദർശനത്തിലധിഷ്ഠിതമായ പ്രാർത്ഥനയും പ്രവർത്തിയും ഒന്നുചേരുമ്പോൾ ക്രൈസ്തവ വിപ്ലവം വ്യക്തിജീവിതത്തിലും കുടുംബ ബന്ധങ്ങളിലും സമൂഹത്തിലും കൈവരിക്കുവാൻ കഴിയും.

ഈ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് നമ്മുടെ മിഷൻെറ വിമൻസ് മിനിസ്ട്രി പ്രവർത്തിക്കുക. ആദ്ധ്യാത്മികതയ്ക്കാണ് ഈ മിനിസ്ട്രി മുൻതൂക്കം നല്കുന്നത്. നാട്ടിൽനിന്നു വരുന്നവരും ഇവിടെ ഉള്ളവരുമായ പ്രശസ്ത വ്യക്തികളുടെ സേവനം ധ്യാനങ്ങൾക്കു സാധിക്കുന്നത്ര ലഭ്യമാക്കും.

നാം ശ്രവിക്കുന്ന വചനവിത്ത് നമ്മിൽ കിളിർത്തു വലുതായി ഫലം പുറപ്പെടിവിക്കണമെങ്കിൽ അതിനനുകൂലമായ സാഹചര്യം നാം ഒരുക്കണം. അതിനുവേണ്ടി പ്രാദേശികാടിസ്ഥാനത്തിൽ വനിതകളുടെ പ്രർത്ഥനാ ഗ്രൂപ്പുകൾ അഥവാ കൂടാര യോഗങ്ങൾ നാം ആരംഭിക്കുകയാണ്. അവർ പരസ്പര ധാരണയോടെ തെരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ നേതൃത്വത്തിൽ രണ്ടാഴ്ചയിലൊരിക്കൽ ഏതെങ്കിലും ഭവനത്തിൽ ഒന്നിച്ചുകൂടി വചനാധിഷ്ടിതമായി പ്രാർത്ഥിക്കുകയും ചർച്ചചെയ്യുകയും ജീവിത നവീകരണത്തിനുതകുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്യും. ഭാരവാഹികൾക്കും അംഗങ്ങൾക്കും പൊതു പരിശീലന പരിപാടികൾ ഒരുക്കുന്നതാണ്.

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ അഞ്ചുവർഷക്കാലം ഞാൻ സോഷ്യൽ സർവ്വീസ് ഡയറക്ടറായി സേവനമനുഷ്ടിച്ചപ്പോൾ, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള നാനാജാതി മതസ്ഥരായ പതിനായിരക്കണക്കിനു വനിതകളെ ആയിരക്കണക്കിനു വനിതാ സംഘങ്ങൾ വഴി നമ്മുടെ 72 ഇടവകകളിൽ സംഘടിപ്പിച്ചു പരിശീലിപ്പിച്ച് വലിയ പ്രസ്ഥാനമാക്കി സമൂഹത്തിൽ വൻ ക്രൈസ്തവ വിപ്ലവം സൃഷ്ടിക്കുവാൻ സാധിച്ച അനുഭവ സമ്പത്താണ് ഈ വിമൻസ് മിനിസ്ട്രിക്കു എനിക്കു പ്രചോദനമാകുന്നത്.

സോഷ്യൽ സർവ്വീസിൽനിന്ന് വ്യത്യസ്ഥമാണ് ഇവിടുത്തെ മിനിസ്ട്രിയെങ്കിലും ഈ പ്രസ്ഥാനത്തിലൂടെ ദൈവം അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഈ രക്ഷാകര പദ്ധതിയിൽ പങ്കുചേരുവാൻ എല്ലാ ക്നാനായ സഹോദരിമാരെയും ഈശോയെയും നമ്മുടെ മാതൃകയായ പരിശുദ്ധ അമ്മയുടെയും നാമത്തിൽ ഞാൻ ക്ഷണിക്കുന്നു. ഈ പദ്ധതിൽ പങ്കുചേരേണ്ട വനിതകളുടെ ഭർത്താക്കന്മാരോട് ഒരു വാക്ക്: ഇതിൽ നിങ്ങളുടെ ജീവിത പങ്കാളിയെ പ്രോത്സാഹിപ്പിക്കുമ്പോൾ അതിൻെറ സദ്ഫലങ്ങൾ നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനുമുണ്ടാകും. നമ്മുടെ മതബോധന സ്കൂളുകൾപോലെ ഈ പദ്ധതിയും വിജയിപ്പിക്കുവാൻ ഏവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ഫാ. ഏബ്രഹാം മുത്തോലത്ത്.

## നുറുങ്ങുവെട്ടം

**സമൂഹം ഒന്നിച്ചു തീരുമാനിച്ചാൽ വ്യക്തിക്കു നന്മയിലേക്കു കുതിക്കുവാൻ എളുപ്പമാണ്. ആർക്കും തനിയെ സമൂഹത്തെ മാറ്റാനാവില്ല.**



## അടുത്ത ഞായറാഴ്ച ദൈവാലയ നിർമ്മാണ ഫണ്ടിലേക്കു കവറുകൾ സ്വീകരിക്കുന്നു.



***നമ്മുടെ ദൈവാലയ നിർമ്മാണ കമ്മറ്റിയുടെ അഭിപ്രായപ്രകാരം അടുത്ത ഞായറാഴ്ച ആദ്യകുർബ്ബാന സ്വീകരണത്തെ തുടർന്ന് ദൈവാലനിർമ്മാണത്തിനുള്ള നിങ്ങളുടെ വിഹിതം ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിന് വീണ്ടും സൗകര്യമുണ്ടായിരിക്കും. ഇതുവരെ 2,500 ഡോളർ പൂർണ്ണമായി നല്കാത്തവർ അന്നു തീർത്തു നല്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.***

***നമ്മുടെ ആരാധനാലയത്തിന് നാമെല്ലാവരുടെയും പങ്കാളിത്തമുണ്ടാകണമല്ലോ. ഉദാരമതികൾ കൂടുതൽ പണം ഇക്കാര്യത്തിനു നല്കുന്നുവെന്നത് സന്തോഷകരമാണ്. നിങ്ങളെ ദൈവം സ്മൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഏവരുടെയും പ്രാർത്ഥനയ്ക്കും പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി.***

***ഫാ. ഏബ്രഹാം മുത്തോലത്ത്***
***മിഷൻ ഡയറക്ടർ***

## Weekly Collections

| | |
|---|---|
| Holy Thursday Charity Collection | 1,011.00 |
| Good Friday Charity Collection | 506.55 |
| April 22nd Collection at Addison | 207.25 |
| April 23rd Collection at Chicago | 463.00 |
| Balance in Church Building Fund | 392,936.75 |

Next Common Building Collection is on Sunday
May 7th after First Holy Communion

# അമേരിക്കയിൽ ക്നാനായക്കാർക്ക് ദൈവാലയങ്ങൾ പണിയുവാൻ സാധിക്കാത്തത് എന്തുകൊണ്ട്?

ചിക്കാഗോയിൽ ദൈവാലയം പണിയും എന്ന സ്ഥിതി വിശേഷം ഉണ്ടായതിൽ ദൈവത്തിനു നന്ദി പറഞ്ഞുകൊള്ളട്ടെ. ഇങ്ങിനെയൊരു സംഭവം നടക്കരുത്, നടത്തരുത് എന്ന് തീർച്ചപ്പെടുത്തി ഇറങ്ങി പുറപ്പെട്ടിട്ടുള്ളവരും ഉണ്ടല്ലോ.

പണ്ട് പുസ്തകത്തിൽ വായിച്ച രാജാവിൻേറയും പ്രജകളുടേയും ആലോചനായോഗത്തിൻെറ കഥ ഇവിടെ ഓർത്തു പോവുകയാണ്. അയൽ രാജ്യത്തിലെ രാജാവ് തൻെറ രാജകൊട്ടാരം ആക്രമിച്ച് പിടിച്ചെടുക്കുവാൻ സൈന്യങ്ങളുമായി പുറപ്പെട്ടിരിക്കുന്നു എന്നു കേട്ട് ശത്രുവിൽ നിന്നും തൻെറ രാജ്യത്തേയും രാജകൊട്ടാരത്തേയും എങ്ങിനെ രക്ഷിക്കണമെന്ന് ജനങ്ങളുടെ അഭിപ്രായം അറിയുവാൻ രാജാവ് സഭ വിളിച്ചു കൂട്ടി. ഒരു വലിയ കോട്ടയും ചുറ്റും കിടങ്ങും ഉണ്ടാക്കുവാൻ എജിനീയർമാർ ഉപദേശിച്ചു. മരം കൊണ്ട് ഒരു ഭിത്തി തീർക്കണമെന്നായിരുന്നു ആശാരിമാർ നിർദ്ദേശിച്ചത്. തോലുകൊണ്ടൊരു ഭിത്തി തീർക്കണമെന്നായിരുന്നു ചെരുപ്പുകുത്തികളുടെ അഭിപ്രായം. കാരണം തോലിനോട് കിടപിടിക്കയില്ല മറ്റൊന്നും എന്നവർ വാദിച്ചു. അവരൊക്കെ പറയുന്നത് മണ്ടത്തരം എന്ന് കൊല്ലന്മാർ പറഞ്ഞു. ഭിത്തിപണിയുന്നത് ഇരുമ്പുകൊണ്ടു തന്നെ വേണം. അപ്പോഴേക്കും വക്കീലന്മാർ വന്നു. അവർ പറഞ്ഞു ശത്രുവിനോട് നിയമ പ്രകാരം വാദിച്ച് നീതി നേടണം. മറ്റുള്ളവരുടെ സമ്പത്ത് തട്ടിയെടുക്കുവാൻ നോക്കുന്നത് ന്യായമല്ല എന്നവർ വാദിച്ചു. അവസാനം പുരോഹിതന്മാർ വന്നു. അവർ മറ്റുള്ളവരെ നോക്കിക്കൊണ്ടു പറഞ്ഞു നിങ്ങളൊക്കെ പൈത്യക്കാരെപ്പോലെ പുലമ്പുകയാണ്. ആദ്യം തന്നെ യാഗം നടത്തി ദേവതകളെ പ്രീതിപ്പെടുത്തണം. എന്നാൽ മാത്രമേ നമ്മൾ അജയ്യരാകുകയുള്ളു. ശത്രുവിനെ എതിർക്കുന്നതിനു പകരം അവർ തമ്മിൽ തമ്മിൽ വായിട്ടും വഴക്കിട്ടും പരസ്പരം പഴിചാരിയും സമയം കളഞ്ഞു. അപ്പോഴേക്കും ശത്രുരാജാവ് എത്തി കൊട്ടാരം കീഴടക്കി. ഇതു തന്നെയല്ലെ അമേരിക്കയിലുള്ള പല സ്ഥലങ്ങളിലും നടക്കുന്നത്.



**സൈമൺ വാലിമറ്റത്തിൽ**
**ഹൂസ്റ്റൺ**

ക്നാനായക്കാരുടെ തനിമയും പാരമ്പര്യവും സൂര്യ ചന്ദ്രന്മാരുള്ളടുത്തോളം കാലം നിലനിർത്തണം. തർക്കമറ്റ കാര്യമാണ്, അതിനെ ആരാലും തടയുവാനോ തകർക്കുവാനോ ആകുകയില്ല എന്ന് കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് പറയുകയുണ്ടായി. അമേരിക്കയിൽ ക്നാനായക്കാർ എവിടെയുണ്ടോ അവിടെയൊക്കെ ദൈവാലയങ്ങളും കമ്മ്യുണിറ്റി സെൻററുകളും ഉണ്ടാകണം.

പള്ളി ഉണ്ടായാൽ അത് നമുക്ക് നഷ്ടമാകും. വല്ലവരും കൊണ്ടുപോകും എന്നൊക്കെ പറയുന്നത് കാശു മുടക്കാതിരിക്കാനുള്ള മുടന്തൻ ന്യായങ്ങളാണ്. ക്നാനായത്വവും അങ്ങാടിയത്വവും പറഞ്ഞ് നമ്മുടെ വളർച്ചയെ, ഉയർച്ചയെ, കൂട്ടായ്മയെ നമ്മൾ തന്നെ കളഞ്ഞു കുളിക്കുകയല്ലെ ചെയ്യുന്നത്. ന്യായമായി നമ്മൾ കഷ്ടപ്പെട്ട് ഉണ്ടാക്കിയവ ഒന്നും ആരും കൊണ്ടു പോയ ചരിത്രം ഇല്ല. ഇനിയൊട്ടു കൊണ്ടു പോകത്തുമില്ല.

സഭയിലൂടെയും ദൈവാലയങ്ങളിലൂടെയും പള്ളിക്കൂടങ്ങളിലൂടെയുമാണ് നമ്മൾ സാമ്പത്തികമായി വളർന്നതും പുരോഗതി പ്രാപിച്ചതും. ദാരിദ്രമനുഭവിച്ച കാലത്താണ് നമ്മുടെ സഭയും സഭാനേതൃത്വവും ത്യാഗസമ്പന്നരായ പൂർവ്വികർ ചേർന്ന് ഒത്തൊരുമിച്ചു പ്രവർത്തിച്ചാണ് മേൽ പറഞ്ഞ ദൈവാലയങ്ങൾ, പള്ളിക്കൂടങ്ങൾ, കോളേജുകൾ എല്ലാം ഉണ്ടാക്കിയത്. അതിൻെറ ഫലമാണ് ഇന്ന് നാം അനുഭവിക്കുന്നത്.

ഏതാണ്ട് 55–60 വർഷങ്ങൾക്കു മുമ്പ് നമ്മുടെ മലബാർ കുടിയേറ്റ ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ ഏതാണ്ട് 15–20 കുടുംബക്കാർ വീതം ഒരുമിച്ച് മലബാറിൻെറ വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്തു. ഓരോ കുടുംബത്തിലും ചുരുങ്ങിയത് അര ഡസനിൽ കൂടുതൽ മക്കളുമായി യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ല എന്നു മാത്രമല്ല ഒത്തിരി പ്രതികൂല സാഹചര്യങ്ങളോടു കൂടിയാണ് കുടിയേറ്റം നടന്നത്. കാട്ടുമൃഗങ്ങളുടെ ശല്ല്യം, അതികഠിനമായ തണുപ്പ്, കാട്ടുമൃഗങ്ങളുടെ പിടിയിൽ നിന്നും രക്ഷപെടുവാൻ രാത്രികാലങ്ങളിൽ ഏറുമാടങ്ങളിലെ താമസം. ഇവരുടെ ആത്മീയ കാര്യങ്ങൾ നോക്കുവാനും നേതൃത്വം കൊടുക്കുവാനുമായി സഭ വൈദികരെ മലബാറിലേക്കയച്ചു. വൈദികർക്കു താമസിക്കുവാൻ പള്ളിമുറികളോ, ദിവ്യബലി അർപ്പിക്കുവാൻ ദൈവാലയങ്ങളോ ഇല്ലായിരുന്നു. വൈദികർ താമസിച്ചതും ദിവ്യബലി അർപ്പിച്ചതും താൽക്കാലിക ഷെഡുകളിലാണ്. വളരെ ഏറെ ത്യാഗങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചാണ് മലബാറിൽ ഇന്നു കാണുന്ന പള്ളികളും പ്രസ്ഥാനങ്ങളും ഉണ്ടായതും ഉണ്ടാക്കിയതും.

60പതു 70പതുകളിലാണല്ലോ അമേരിക്കൻ കുടിയേറ്റം ആരംഭിച്ചത്. പ്രാഥമിക വിദ്യാഭ്യാസവും ജനറൽ നേഴ്സിംഗ് പോലുള്ള സർട്ടിഫിക്കറ്റുമായിട്ടാണ് നമ്മുടെ സഹോദരിമാർ ഇവിടെ എത്തിയത്. ആദ്യകാല കുടിയേറ്റക്കാർ അനുഭവിച്ച കഷ്ടപ്പാടുകൾ ഏറെയാണ്. ഭർത്താവിൻെറയും ജനിച്ച വീടിൻെറയും സാമ്പത്തിക കഷ്ടപ്പാടുകൾ, സഹോദരങ്ങളുടെ വിവാഹം, വിദ്യാഭ്യാസം എന്നുവേണ്ട

*(Continued on page 5)*

*(Continued from page 4)*

സഹോദരങ്ങളെ ഈ 'സ്വർഗ്ഗ'ത്തിലേക്കു കൊണ്ടുവരുന്നതിനുള്ളതും വന്നതിനു ശേഷം ഉണ്ടായ തിക്താനുഭവങ്ങൾ ഇവയെല്ലാം വർണ്ണനാതീതമാണ്. അവരെ ഈ അവസരത്തിൽ ഓർക്കുവാനും നന്ദിയുടെ ഒരു പിടി പൂച്ചെണ്ടുകൾ അവർക്കു കൊടുക്കുവാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

ഇന്ന് അമേരിക്കയിലെ പ്രധാന പട്ടണങ്ങളായ ചിക്കാഗോ, ന്യൂയോർക്ക്, ടെക്സാസ്സ്, ഫ്ലോറിഡാ, കാലിഫോർണിയ, മുതലായ സ്ഥലങ്ങളിൽ 100നും 800നും മേൽ ക്നാനായ കുടുംബങ്ങളാണുള്ളത്. ഈ കുടുംബങ്ങളിൽ 90 ശതമാനം കുടുംബനാഥമാർ നേഴ്സുമാരും, ഭുരിഭാഗം കുടുംബനാഥന്മാർ മെഡിക്കലിലും, സ്വന്തമായി ബിസ്സിനസ്സ് ഉള്ളവരുമാണ്. സന്താന സൗഭാഗ്യം കാൽ ഡെസ്സനിൽ താഴെയാണ്. സാമ്പാത്തിക സൗഭാഗ്യം ശരാശരി അമേരിക്കക്കാരേക്കാൾ 3 ഇരട്ടി കൂടുതലുമാണ്.

അമേരിക്കൻ ക്നാനായക്കാരുടെ ആത്മീയ കാര്യങ്ങൾ നടത്തിത്തരുവാൻ ക്നാനായ വൈദികർ മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളിലുമുണ്ട്. വൈദികർ അതാതു സ്ഥലങ്ങളിലെ സായിപ്പിൻെറ പള്ളികളിൽ ഫുൽടൈം ജോലി ചെയ്യുന്നു. പള്ളിമുറികളിൽ താമസിക്കുന്നു. അതിനിടയിൽ ക്നാനായക്കാരുടെ ആത്മീയ കാര്യങ്ങൾ നടത്തിത്തരുന്നു. സ്വന്തമായി കമ്മ്യൂണിറ്റി സെൻററുകളുള്ള ഏതാനും ചുരുക്കം സ്ഥലങ്ങളിൽ കുർബ്ബാന മുതലായ ആത്മീയ കാര്യങ്ങൾ മറ്റു പൊതു ആഘോഷണങ്ങളും നടത്തുന്നു. ഭൂരിഭാഗം സ്ഥലങ്ങളിലും സായിപ്പിൻെറ പള്ളി വാടകക്കെടുത്താണ് ക്നാനായ് വൈദികർ കുർബ്ബാന ചെല്ലുന്നത്.

പാർടൈമായിട്ട് ക്നാനായ വൈദികരേയും വാടകക്ക് സായിപ്പിൻെറ പള്ളിയും കിട്ടാനുണ്ടെങ്കിൽ പിന്നെ എന്തിനാണ് നമുക്ക് സ്ഥിരമായി വൈദികനും പള്ളിയും? ഇൻഡ്യയുടെ മുൻ കേന്ദ്രമന്ത്രിയും അംബാസഡറുമായ, പരേതനായ വി. കെ. കൃഷ്ണമേനോൻ വിവാഹിതനല്ലായിരുന്നു. ഒരിക്കൽ പത്രക്കാർ അദ്ദേഹത്തോട് ചോദിച്ചു താങ്കൾ എന്താണ് കല്ല്യാണം കഴിക്കാത്തത്? അപ്പോൾ അദ്ദേഹം പറഞ്ഞു മാർക്കറ്റിൽ ധാരാളം പാൽ സുലഭമായി കിട്ടുമ്പോൾ ഞാൻ എന്തിനാണ് പശുവിനെ വളർത്തുന്നത്. അദ്ദേഹം പറഞ്ഞ തമാശ ഇവിടെ അന്വർത്ഥമല്ലേ?

ക്നാനായ വൈദികർ അമേരിക്കയിൽ വരുമ്പോൾ സായിപ്പിൻെറ പള്ളിമുറിയിലും സാധാരണക്കാർ വരുമ്പോൾ അപ്പാർട്ടുമെൻറുകളിലുമാണ് താമസം. 2 കൊല്ലത്തിനകം ജനങ്ങൾ സ്വന്തം വീടു വാങ്ങിക്കും. നമ്മുടെ വൈദികരുടെ ഈ സ്ഥിതി മാറണം, മാറ്റണം. നമുക്ക് സ്വന്തമായി ദേവാലയങ്ങളും സംവിധാനങ്ങളും ഉണ്ടാകണം. വൈദികർ ചിന്തിക്കും സായിപ്പിൻെറ പള്ളിയും സൗകര്യങ്ങളുമുള്ളപ്പോൾ പള്ളികൾ പണിയുവാൻ ഞാൻ എന്തിനു കഷ്ടപ്പെടണം? കൂടിപ്പോയാൽ വീസാ അടുത്ത മൂന്നു കൊല്ലത്തേക്കു കൂടി കൂട്ടികിട്ടുമായിരിക്കും. മലബാർ, അമേരിക്കൻ കുടിയേറ്റക്കാരുടെ അൽമായ, ആത്മീയ, സാമൂഹിക, സാമ്പത്തിക നേട്ടകോട്ടങ്ങളുടെ വിശദമായ ചിത്രം ഇവിടെ വ്യക്തമാക്കി എന്ന് കരുതട്ടെ.

സമ്പൽ സമർത്ഥമായ ഈ രാജ്യത്ത് ജീവിക്കുവാൻ അവസരം കിട്ടിയിട്ടും സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടും ഇല്ലാഞ്ഞിട്ടും എന്തുകൊണ്ടാണ് നമ്മളാൽ സ്വന്തമായി പള്ളികൾ ഉണ്ടാക്കുവാൺ സാധിക്കാത്തത് എന്ന് ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു.

***<u>ക്രീയാത്മക പ്രവർത്തനങ്ങൾക്ക് ആരും തടസ്സം നിൽക്കരുത്. ക്രീയാത്മകമായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കണം. പ്രവർത്തിച്ചില്ലെങ്കിലും പ്രവർത്തിക്കുന്നവരെ പ്രവർത്തിക്കാൻ അനുവദിക്കണം. അൽമായ സംഘടനകളും നേതാക്കളും പരസ്പരം പാര പണിയുകയാണ്. അൽമായ സംഘടന നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അടിപൊളി കൺവെൻഷൻ നടത്തി പിരിഞ്ഞു കൊണ്ടിരിക്കുന്ന ചരിത്രമേ ഇന്നു വരെ നടന്നിട്ടുള്ളു.</u>***

അമേരിക്കയിലെ മലയാളികൾക്ക് എന്തുമാത്രം സംഘടനകളാണ്. ഈ സംഘടനകളും അതിൻെറ നേതാക്കളും സമൂഹ നന്മക്കുവേണ്ടി ക്രീയാന്മക മായ പ്രവർത്തന മണ്ഡലങ്ങളിൽ മത്സരിച്ച് പ്രവർത്തിച്ചെങ്കിൽ നാടും വീടും സമൂഹവും നന്നാകുമായിരുന്നു.

ആദ്യം അവനവൻ സ്വയം അറിയുക. നമ്മുടെ മക്കളെ മറ്റുള്ളവരെ അറിയുവാനും ആദരിക്കുവാനും അംഗീകരിക്കുവാനും പഠിപ്പിച്ചില്ലെങ്കിൽ നമുക്ക് പലതും നഷ്ടപ്പെടും.

സഭക്കും സമുദായത്തിനും വേണ്ടി ജീവിതം മാറ്റിവെച്ചവരാണ് വൈദികരും മെത്രാന്മാരും. ഒരാൾ വൈദികനാകണമെങ്കിൽ ചുരുങ്ങിയത് 13 കൊല്ലത്തെ പഠിപ്പും പരിശീലനവും പ്രാർത്ഥനയും വേണം. മെത്രാനാകണമെങ്കിൽ വൈദികനായ ശേഷം 20–25 കൊല്ലത്തെ ത്യാഗ പൂർണ്ണമായ ജീവിതവും കഠിനമായ പ്രാർത്ഥനയും ദൈവാനുഗ്രഹവും വേണം. എന്നാൽ അൽമായൻ വിവാഹിതനാകണമെങ്കിൽ നിയമാനുസൃതം 21 വയസ്സും ചൈതന്യയിലെ 3 ദിവസത്തെ പ്രീമാര്യേജു കോഴ്സും ധാരാളം മതിയെന്ന സങ്കൽപ്പമാണു നമുക്കുള്ളത്. ദൈവാനുഗ്രവും കൂടിയുണ്ടെങ്കിൽ ഒരു കുഞ്ഞിൻെറ അച്ചനായി.

***<u>അച്ചന്മാരെയും മെത്രാന്മാരേയും അവരുടെ ജോലി ചെയ്യുവാൻ അനുവദിക്കുക. അൽമായർ ചെയ്യണ്ടിയ പണി അൽമായർ ചെയ്യുക. ഓരോരുത്തർക്കും ഓരോ ദൗത്യം ദൈവം തന്നിട്ടുണ്ട്. ദൈവം നമ്മളെ ഏൽപ്പിച്ച ജോലി ഭംഗിയായി ചെയ്യുമ്പോൾ ദൈവാനുഗ്രഹവും ശാന്തിയും സമാധാനവും കുടുംബങ്ങളിലും സമുദായത്തിലും ഉണ്ടാകും.</u>***

***അമേരിക്കയിലെ ക്നാനായ സഭാ സാമുദായിക നേതൃത്വത്തിന് സഭാ സാമുദായിക കാര്യങ്ങളിൽ ദീർഘകാല സ്വപ്നങ്ങളും നിശ്ചയദാർഢ്യവും വ്യക്തമായ ലക്ഷ്യവും തീഷ്ണതയും ഇല്ലാത്തതാണ് പള്ളികളും കമ്മ്യൂണിറ്റി സെൻററുകളും, ഉണ്ടാകാത്തതും അല്ലറ ചില്ലറ അസ്വസ്ഥതകൾക്കും കാരണം.***




## മദേർസ് ഡേയ്ക്ക് വനിതകളുടെ സമ്മാനം

***ചിക്കാഗോ ക്നാനായ കാത്തലിക്ക് മിഷൻ വാങ്ങാനുദ്ദേശിക്കുന്ന ദൈവാലയത്തിൻെറ ഫണ്ടിലേക്ക് വനിതകൾ ഒരു ദിവസത്തെ വരുമാനമോ അതിലധികമോ മദേഴ്സ് ഡേ ദിനത്തിൽ ദൈവാലയത്തിൽ സമർപ്പിക്കുവാൻ വിമൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തീരുമാനിച്ചു.***

***മേയ് 13–ാം തീയതി ശനിയാഴ്ച ആഡിസണിലും മേയ് 14–ാം തീയതി ഞായറാഴ്ച ഒ.എൽ.വി.യിലും വിശുദ്ധ കുർബ്ബാനക്കു ശേഷം എല്ലാ വനിതകളും മിഷൻ ഡയറക്ടർ ഫാദർ അബ്രാഹാം മുത്തോലത്തിനെ തങ്ങളുടെ സംഭാവന ഏല്പിക്കണമെന്ന് വുമൺസ് മിനിസ്ട്രി കോഡിനേറ്റേഴ്സ് ആയ മേഴ്സി ഇടിയാലിയും ഗ്രേസി വാച്ചാച്ചിറയും മേരി ആലുംങ്കലും അഭ്യർത്ഥിക്കുന്നു.***

***അമ്മമാരുടെ പിടി അരിയും കൊച്ചു കൊച്ചു സംഭാവനകളും നമ്മുടെ രൂപതകളിലെ ദൈവാലയ നിർമ്മിതിക്ക് ഉപകരിച്ചിട്ടുണ്ട്. ഇതിൻെറ പ്രതികാത്മകമായി നമ്മൾ ചെയ്യുന്ന ഒരു ദിവസത്തെ വേതനമെന്ന പരിപാടിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.***



# ദമ്പതികൾക്കു ധ്യാനം

ക്നാനായ കാത്തലിക് മിഷൻെറ ആഭിമുഖ്യത്തിൽ ദമ്പതികൾക്കുവേണ്ടി മെയ് 5 വെള്ളിയാഴ്ച വൈകുന്നേരം 6:30ന് കമ്മ്യൂണിറ്റി സെൻററിൽ വച്ച് പ്രത്യേക സെമിനാർ നടത്തുന്നു. ചർച്ച നയിക്കുന്നത് രാജപുരം പയസ് ടെൻത് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജോസ് പൂതൃക്കയിലാണ്. എല്ലാ ദമ്പതികളെയും ഇതിൽ പങ്കെടുക്കുവാൻ ക്ഷണിക്കുന്നു. മിഷൻെറ ഫാമിലി കമ്മീഷൻ ഇതിനു നേതൃത്വം നല്കുന്നതാണ്.







READERS / LECTORS ഉയർപ്പു കാലം

| APRIL 29 & 30 | PASSAGE | ADDISION | PASSAGE | OLV CHICAGO |
|---|---|---|---|---|
| 1st Reading | Acts 3:13-15, 17-19 | Mathew Idiyalil | Acts 3:13-15, 17-19 | Ally Chemmachel |
| 2nd Reading | 1 John 2:1-5a | Jean Marie Kudasseril | 1 John 2:1-5a | Shelly Kattapuram |
| MAY 6 & 7 | | | FIRST COMMUNION | ST. JOHN'S NILES |
| 1st Reading | Ezekiel 36:24-28 | Neethu Vayalil | Exodus 16:2-4,12-15 | Joann Max Puthenpurayil |
| 2nd Reading | Rom: 6:3-11 | Babitha Vayalil | Acts 2: 42-47 | Ashley Varakalayil |




## സീനിയർ സിറ്റിസൺസിനു ധ്യാനം

ക്നാനായ കാത്തലിക് മിഷന്റെ ആഭിമുഖ്യത്തിൽ 60 വയസ്സും അതിൽ കൂടുതലും പ്രായമുള്ളവർക്കുവേണ്ടി മെയ് 6 ശനിയാഴ്ച രാവിലെ 10:00 മുതൽ കമ്മ്യൂണിറ്റി സെൻററിൽ വച്ച് പ്രത്യേക സെമിനാർ നടത്തുന്നു. ചർച്ച നയിക്കുന്നത് രാജപുരം പയസ് ടെൻത് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജോസ് പൂതൃക്കയിലാണ്. എല്ലാ സീനിയർ സിറ്റിസൺസിനെയും ഇതിൽ പങ്കെടുക്കുവാൻ ക്ഷണിക്കുന്നു. മിഷന്റെ സീനിയർ സിറ്റിസൺസ് കോർഡിനേറ്റേഴ്സ് ഇതിനു നേതൃത്വം നൽകുന്നതാണ്.

## വിമൻസ് മിനിസ്ട്രി കോർഡിനേറ്റേഴ്സ്

ആൻസി ഐക്കരപ്പറമ്പിൽ
റീത്താമ്മ ആക്കാത്തറ
മേരിക്കുട്ടി ചെമ്മാച്ചേൽ
ബീനാ ഇണ്ടിക്കുഴി
ജെസീന്താ കട്ടപ്പുറം
തങ്കമ്മ നെടിയകാലായിൽ
റ്റിസ്സി ഞാറവേലിൽ
ലിസ്സി തോട്ടപ്പുറം

Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.

**RN Review**

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
Call : (630) 742 7202

**www.excelrn.com**

**Your Advt. Here**

Century 21
Castles By King, Ltd.
7516 Cass Ave. (Brookhaven Plaza)
Darien, Illinois 60561
Business (630) 964-6400
Fax (630) 964-6459
Cell (630) 430-1730



Lukose (Luke) K. Kalladanthyil
Broker
*Each Office is Independently Owned and Operated*



Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.



4313 W. Irwing Park, Chicago, IL 60641
ALEX MULLAPPALLIL
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee

COLDWELL BANKER



MARTIN & MARBRY
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)
Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUALHOUSINGLENDER

LINCOLNWOOD MORTGAGE SERVICES, INC.



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

